കൊയിലാണ്ടി കെ. എസ്. ഇ. ബി. യിലെ ഒള്ളൂർ ഫീഡറിന്റെ പണി

117 (1784) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി കെ. എസ്. ഇ. ബി. യുടെ കീഴിലുള്ള ഒള്ളൂർ ഫീഡറിന്റെ പണി പൂർത്തിയാവാത്തതിനെക്കുറിച്ച് സർക്കാർ അന്വേഷിക്കുമോ ;

(ബി) പ്രസ്തുത ജോലി ഏതു വർഷമാണ് ആരംഭിച്ചത്. എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത് ;

(സി) പ്രസ്തുത ഫീഡറിന്റെ ഉദ്ദേശം വിശദമാക്കാമോ ?

ഉത്തരം

(എ) ഫീഡറിന്റെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും ഫീഡർ ചാർജ്ജ് ചെയ്യുവാനായി പി. ടി. സി. സി. യുടെ അനുമതി ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ജോലി 1994-ൽ ആരംഭിച്ച് ആ വർഷംതന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കരാറുകാരന്റെ വീഴ്ച കാരണം പണി മുടങ്ങുകയും പിന്നീട് 1998 ജനുവരിയിൽ ആരംഭിച്ച് 99 ഡിസംബറിൽ പൂർത്തിയാക്കുകയും ചെയ്തു.

(സി) ഏലത്തൂർ ഫീഡറിന്റെ ലോഡ് കുറയ്ക്കുകയാണ് ഉദ്ദേശം.

കായംകുളം താപവൈദ്യുത നിലയത്തിന്റെ സ്ഥാപിതശേഷി

118 (1785) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുത നിലയത്തിന്റെ സ്ഥാപിതശേഷി എത്രയാണ് ;

(ബി) ഇപ്പോൾ അവിടെ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി പ്രതിമാസം സംസ്ഥാനം വാങ്ങുന്നുണ്ട് ;

(സി) കായംകുളം തെർമ്മൽ പവർസ്റ്റേഷനിൽ നിന്നും വൈദ്യുതി വാങ്ങാതിരുന്നതിന്റെ പേരിൽ പണം നൽകേണ്ടതായി വന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൊത്തം 359 മെഗാവാട്ട്. ഇപ്പോൾ സ്ഥാപിത ശേഷി 230 മെഗാവാട്ട് ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശരാശരി 88.48 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിമാസം വാങ്ങുന്നുണ്ട്.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

കെ. എസ്. ഇ. ബി. അങ്കമാലി സിവിൽ സർക്കിളിലെ ജീവനക്കാരുടെ എണ്ണം

119 (1786) ശ്രീ. കെ. മുഹമ്മദാലി :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യുടെ അങ്കമാലി സിവിൽ സർക്കിളിൽ ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ബി) ഇവരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ സംബന്ധിച്ച ജോലികൾക്കായി എത്രപേരെ നിയോഗിച്ചിട്ടുണ്ട് ;

(സി) ഏതൊക്കെ തസ്തികകളിലാണ് ഇവരെ നിയമിച്ചതെന്നും അവർ ആരെല്ലാമെന്നും അറിയിക്കുമോ ;

(ഡി) ഇവർ ഓരോരുത്തർക്കും ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധിച്ച ജോലികൾക്കായി ഓരോ മാസവും നൽകിയ ഹോളിഡേ വേജസ് എത്രയാണ് ;

(ഇ) വൈദ്യുതി ബോർഡിൽ നിലവിലുള്ള കരാർ വ്യവസ്ഥപ്രകാരം ഇവിടെ എത്രപേരെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധിച്ച ജോലികൾക്കായി നിയോഗിക്കണമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കരാർ വ്യവസ്ഥ മറികടന്ന് ഇതിനായി ആരെയെങ്കിലും അധികമായി നിയോഗിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ കാരണം വിശദീകരിക്കാമോ ;

(എച്ച്) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അങ്കമാലിയിൽ സിവിൽ സർക്കിൾ ഓഫീസ് ഇല്ല. ഇപ്പോൾ നിലവിലുള്ള ഓഫീസിന്റെ പേര് പി. സി. സ്റ്റോഴ്സ് അങ്കമാലി എന്നാണ്. ഇവിടെയുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

1.	എക്സിക്യൂട്ടീവ് എഞ്ചിനീയർ	1
2.	അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ	1
3.	ഡിവിഷണൽ അക്കൗണ്ടന്റ്	1
4.	സീനിയർ സൂപ്രണ്ട്	1

LIBRARY ARCHIVES Kerala Legislative Assembly